പോലീസുദ്യോഗസ്ഥർക്ക് സമയബന്ധിതമായി വിവിധ പരിശീലന പരിപാടികൾ കൊടുക്കുവാനും അവരെ കർമ്മനിരതരാക്കുവാനുംവേണ്ടി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ കാലാകാലങ്ങളിൽ പോലീസ് ആസ്ഥാനത്തുനിന്ന് പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന് വേണ്ടി സർക്കുലറുകളും എക്സിക്യൂട്ടീവ് ഡയറക്ടീവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉന്നത ഉദ്യോഗസ്ഥർ സമയാ സമയങ്ങിൽ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

(സി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം (സി).യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പി.എസ്.സി. പരീക്ഷകൾ പരിഷ്കരിക്കാൻ നടപടി

16 [*283] ശ്രീ. വി. ചെന്താമരാക്ഷൻ :

" എം. വി. ഗോവിന്ദൻ മാസ്റ്റർ :

" സാജു പോൾ :

" കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്ക് കാലോചിതവും ശാസ്ത്രീയവുമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) സെലക്ഷൻ കാര്യങ്ങളിൽ ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ നിലവാരം അഖിലേന്ത്യാ മത്സര പരീക്ഷകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്ക് മാറ്റം വരുത്തുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് പി. എസ്. സി. തന്നെയാണ്.

(ബി) എഴുത്തുപരീക്ഷ, ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ കാലതാമസമില്ലാതെ നടത്തുവാനുള്ള സമയബന്ധിതമായ പരിപാടി കമ്മീഷൻ തയ്യാറാക്കി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(സി) ആന്റ് (ഡി) പി.എസ്.സി.യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly